**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 704** | **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വനം വകുപ്പിന്റെ ആധുനികവൽക്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. കെ. രാജൻ

ശ്രീ. സി. അജയപ്രസാദ്

ശ്രീമതി ഗീതാ ഗോപി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** വനം വകുപ്പിന്റെ അടിസ്ഥാനസൗകര്യവും വികസനവുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വനം വകുപ്പിന്റെ അടിസ്ഥാന സൗകര്യവും വികസനവുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സുകൾ, റേഞ്ച് ഓഫീസ് കോംപ്ലക്സുകൾ, ഇൻറഗ്രേറ്റഡ് ഫോറസ്റ്റ് ചെക്ക്പോസ്റ്റുകൾ, സർക്കിൾ ഓഫീസ് കോംപ്ലക്സുകൾ എന്നിവ നിർമ്മിക്കുകയും റാപ്പിഡ് റെസ്പോൺസ് യൂണിറ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, വന്യജീവി നിരീക്ഷണ അടിസ്ഥാന സൗകര്യങ്ങൾ, പരിശീലന അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**(ബി)** സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കി വനമേഖലയിലും സ്വകാര്യഭൂമികളിലും വൃക്ഷസമൃദ്ധി വർധിപ്പിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്തെ വനവൽക്കരണ ലക്ഷ്യങ്ങൾ പൂർണ്ണമായി വിജയിച്ചില്ലെങ്കിലും, നിലവിൽ സംസ്ഥാനത്ത് വിപുലമായ ഹരിത പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വിദ്യാലയങ്ങളിൽ വിദ്യാവനം', നഗരങ്ങളിൽ നഗര വനം', തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് വൃക്ഷസമൃദ്ധി' എന്നിവയും, തീരദേശ-നദീതീര സംരക്ഷണത്തിനായി കാറ്റാടി-മുളത്തൈ നടീലും ഇതിലുൾപ്പെടുന്നു. വികസനത്തിനായി മുറിക്കുന്ന മരങ്ങൾക്ക് പകരം പത്തിരട്ടി മരങ്ങൾ നടുന്ന പരിഹാര വനവൽക്കരണം, സ്കൂൾ നഴ്സറി യോജന, നക്ഷത്രവനം, ഔഷധത്തോട്ടങ്ങൾ, ജൈവവൈവിധ്യ പാർക്കുകൾ എന്നിവയും സജീവമാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'MISHTI' വഴിയുള്ള കണ്ടൽ സംരക്ഷണം, സ്വകാര്യ കാവുകളുടെ സംരക്ഷണം, ട്രീ ബാങ്കിംഗ് എന്നിവയ്ക്ക് ധനസഹായം നൽകുന്നതിനൊപ്പം മികച്ച പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ 25,000/- രൂപ സമ്മാനത്തുകയുള്ള 'വനമിത്ര പുരസ്കാരവും' നൽകിവരുന്നു. കൂടാതെ, പരിസ്ഥിതി ദിനം മുതൽ വനമഹോത്സവം വരെ (ജൂൺ 5 - ജൂലൈ 7) വിവിധ സ്ഥാപനങ്ങൾക്ക് സൗജന്യമായി

വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും, പൊതുജനങ്ങൾക്കായി വർഷം മുഴുവൻ തൈകളുടെ ലഭ്യത ഉറപ്പാക്കാൻ 'ജില്ലാ പെർമനന്റ് നഴ്സറികൾ' പ്രവർത്തിപ്പിക്കുകയും ചെയ്യുന്നുണ്ട്.

**(സി)** വനം വകുപ്പ് നടപ്പിലാക്കിവരുന്ന വൃക്ഷസമൃദ്ധി, വിദ്യാവനം, നഗരവനം തുടങ്ങിയ ജനകീയ പദ്ധതികൾ തുടരുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**മറുപടി:** സമഗ്രമായ പഠനത്തിനും വിലയിരുത്തലിനും ശേഷം ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**(ഡി)** വനാശ്രിത സമൂഹങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉറപ്പാക്കുന്നതിന് വേണ്ടി ആരംഭിച്ച ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** പുരോഗതി വിലയിരുത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**